
തോമസ് പിക്ചേഴ്സ്



# പോർട്ടർ കുഞ്ഞാലി

GEO

(മലയാളം)

സംവിധാനം:— P. A. തോമസ് & ശശികുമാർ B. A.

# * പോർട്ടർ കുഞ്ഞാലി *

## നടീനടന്മാർ

★

| | | |
|---|---|---|
| പ്രേംനസീർ | — | ഡോ: സാലി |
| മുത്തയ്യ | — | കുഞ്ഞാലി |
| ബഹദൂർ | — | പരീത്ക്കുട്ടി |
| മുതുകുളം | — | സൂപ്രണ്ട് കേശവപിള്ള |
| അടൂർഭാസി | — | മൊല്ലാക്ക |
| പഞ്ചാബി | — | പഞ്ചാബി |
| V. S. ആചാരി | — | ശങ്കരൻ |
| രാമദാസ് | — | തോമ |
| മാസ്റ്റർ ജോജിതോമസ് | — | ഗോപി |
| പി. ഏ. തോമസ് | — | മുതലാളി |
| ഷീല | — | ആമിന |
| തങ്കം | — | മാധവി |
| ആനി | — | ഡോ. ഭാനുമതി |
| ഓമന | — | കുഞ്ഞിപാത്തുമ്മ |
| ഗീത | — | ജാനമ്മ |

# പോർട്ടർ കുഞ്ഞാലി

കഥാഗതി. വഴിയരികിൽനിന്നു കുഞ്ഞാലി കണ്ടെടുത്ത ഒരനാഥനായിരുന്നു കൊച്ചുരാമൻ. അന്നുമുതൽ അവനും കുഞ്ഞാലിയുടെ കുടുംബത്തിലെ ഒരംഗമായിത്തീർന്നു. പിടിവണ്ടിയും വലിച്ചു റോഡിലൂടെ നടന്നുനീങ്ങുന്ന ആ ചെറുപ്പക്കാരുടെ "ആയിലെസ്സാ"വിളി കേൾക്കുമ്പോൾ നാട്ടുകാർ കൗതുകത്തോടെ അവരെ നോക്കിനില്ക്കാറുണ്ട്.

കാലം കടന്നുപോയി. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. സ്വന്തം കുടുംബത്തേയും അവസാന സമ്പാദ്യമായ പിടിവണ്ടിയും കൊച്ചുരാമനെ ഏല്പിച്ചുകൊണ്ട് കുഞ്ഞാലി പട്ടാളത്തിൽ ചേർന്നു. ആ ചെങ്ങാതികൾ തമ്മിൽ പിരിഞ്ഞു.

കുഞ്ഞാലി ഏല്പിച്ച വണ്ടിയിൽനിന്നും അയാൾ പണമുണ്ടാക്കി. കുടുംബകാര്യം നോക്കാനായി പലപ്പോഴും പട്ടാളത്തിൽനിന്നു് അയച്ചപണവും കൊച്ചുരാമൻ സ്വന്തം മടിയിലാക്കി അയാൾ ഡ്രൈവിംഗ് പഠിച്ചു. ടാക്സിക്കാർ വാങ്ങി. പിന്നീട് വച്ചടി വച്ചടി കയററമായിരുന്നു. നാലഞ്ചു ലോറിയുടെ ഉടമസ്ഥനായി. നാട്ടിലെ പണക്കാരുടെ മുൻപന്തിയിൽ 47 ബസ്സിൻെറ അധിപനായ കൊച്ചുരാമൻ മുതലാളിയുടെ പേരും ഉറച്ചു.

കുഞ്ഞാലിയുടെ വീട്ടിൽ ഉമ്മയും സഹോദരി ആമിനയും മാത്രമേ ഉള്ളു. കൊച്ചുരാമനിൽനിന്നും സഹായം പ്രതീക്ഷിച്ചു ജീവിച്ചിരുന്ന അവക്കു പലപ്പോഴും കണ്ണീരുകുടിക്കേണ്ടിവന്നു. സഹായത്തിനു പകരം പലപ്പോഴും കോപഭാവത്തിലുള്ള പെരുമാററമാണുണ്ടായതു്. പലപ്പോഴായി അയാൾ കൊടുത്ത 300 രൂപയ്ക്കു ഉമ്മയോടു പുരയിടം പണയമെഴുതി വാങ്ങുകയും ചെയ്തു. പുട്ടുവിററും കയറു പിരിച്ചും ആ ഉമ്മയും മകളും ജീവിച്ചുവന്നു. കുഞ്ഞാലിയെക്കുറിച്ചു് ആക്കും ഒരറിവുംഇല്ല. ആയിടെ പരീതെന്ന ഒരു ചെറുപ്പക്കാരൻ ആ വീട്ടിൽ വന്നു. മലമ്പനി പിടിച്ചു് അവശനായിട്ടാണു് വന്നതു്. ആരോരുമില്ലാ

ത്ത അവനെ ഉമ്മ ശുശ്രൂഷിച്ചു. ആ നന്ദികൊണ്ടുതന്നെ പരീത് സുഖക്കേടുമാറിയിട്ടും അവിടെനിന്നും പോയില്ല. ചുമട്ടുചുമന്നു കിട്ടുന്ന കാശുമുഴുവൻ ഉമ്മയെ ഏൽപ്പിച്ചു വീട്ടിലുള്ള ആഹാരം കഴിച്ച് ഇറയത്ത് അവൻ ചുരുണ്ടുകൂടും. എല്ലാംകൊണ്ടും പരീത് ആ കുടുംബത്തിന് ഒരാശ്വാസമായിരുന്നു.

ആമിനയുടെ, ചിരിയും പ്രസരിപ്പും പരീതു ശ്രദ്ധിച്ചു. അവന് അവളെ ഇഷ്ടമായിരുന്നു. ആ കഴുത്തിൽ താലികെട്ടുന്ന കിനാവുകണ്ട് പരീത് ഇറയത്തു കിടന്നുറങ്ങും. അയൽപക്കത്തെ ഹോമിയോ ഡോക്ടർ സാലിയും ആമിനയുമായി സ്നേഹമായിരുന്നു. ആ വിവരം പരീത് അറിഞ്ഞിരുന്നില്ല.

ലോകത്തിനേറെ നാശം വരുത്തിക്കൂട്ടിയ യുദ്ധം അലറി അമന്നു. സൈനികരെല്ലാം സ്വന്തം നാടുകളിലേക്കു തിരിച്ചുപോന്നു. കൂട്ടത്തിൽ കുഞ്ഞാലിമാത്രം ഇല്ലായിരുന്നു. അയാൾ ജപ്പാന്റെ തടവുകാരനായി. പത്തുവർഷത്തിനു ശേഷം ആ മനുഷ്യൻ മോചിതനായി. കടലും മലയും തള്ളി കുഞ്ഞാലി നാട്ടിലെത്തിയപ്പോൾ എല്ലാം മാറിപ്പോയിരുന്നു.

മകന്റെ വരവിൽ ഉമ്മ ആഹ്ലാദിച്ചു. ഇക്കാക്കയെ കണ്ടപ്പോൾ ആമിന പുളകമണിഞ്ഞു. പരീതും കുഞ്ഞാലിയും പരിചയപ്പെട്ടു. സ്വന്തംവീടു സംരക്ഷിക്കാൻ തയ്യാറായ അവനെ കുഞ്ഞാലി ആശ്ലേഷിച്ചു. കൊച്ചുരാമന്റെ വിവരങ്ങളറിഞ്ഞ കുഞ്ഞാലി അയാളെ കാണാൻ ബംഗ്ലാവിൽ ചെന്നു. കൊച്ചുരാമൻ, മുതലാളിചമഞ്ഞ് കുഞ്ഞാലിയെ അധിക്ഷേപിച്ചയച്ചു.

കുഞ്ഞാലി വീണ്ടും പോർട്ടറായി. ഒരു ദിവസം ബസ്റ്റാപ്പിലിരുന്നപ്പോൾ കൊച്ചുരാമൻമുതലാളിയും അയാളുടെ ഫ്രണ്ട് കേശവപിള്ളയുംകൂടി ഒരു പിച്ചക്കാരൻ ചെറുക്കനെ തല്ലുന്ന കാഴ്ചകണ്ട് കുഞ്ഞാലി ഓടിച്ചെന്നു. കുട്ടിയെ തല്ലിയ ഫ്രണ്ടിന്റെ കരണത്ത് കുഞ്ഞാലിയും ഒന്നുകൊടുത്തു. മുതലാളി ഗർജ്ജിച്ചു. പോലീസിലേക്കു ഫോൺചെയ്തു.

കുഞ്ഞാലി ഒളിവിലായെങ്കിലും സ്ഥലത്തെ ലേഡിഡോക്ടറും കൊച്ചുരാമൻമുതലാളിയുടെ ഭാര്യയുമായ ഭാനുമതി കുഴപ്പങ്ങൾ ഒതുക്കിത്തീർത്തു. ഭർത്താവിന്റെ സ്വഭാവദൂഷ്യത്തിൽ ഉള്ളുരുകി കഴിയുന്ന മനസ്വിനിയാണ് ഭാനുമതി.

ആസ്പത്രിപ്പടിക്കലൊരു പിച്ചക്കാരുടെ കോളനിയുണ്ട്

ബസ്റ്റാൻഡിൽവെച്ചു് തല്ലുകൊണ്ട പയ്യനും അവന്റെ അമ്മയും കോളനിയിലാണു് കഴിയുന്നതു്. ആ കുട്ടി; കൊച്ചുരാമൻ മുതലാളിക്കു മാധവിയെന്ന സ്ത്രീയിലുണ്ടായ മകനാണു്.

ബിസിനസ്സ് സംബന്ധമായി ഏഴെട്ടു കൊല്ലങ്ങൾക്കുമുമ്പു തിരുവനന്തപുരത്തു താമസിക്കുമ്പോൾ കൊച്ചുരാമൻ മാധവിയെ പരിചയപ്പെട്ടു. പലതും പറഞ്ഞു് വിശ്വസിപ്പിച്ചു് അയാൾ നാടുവിട്ടു. ഗർഭിണിയായതോടെ മാധവിയും ഒററപ്പെട്ടു.

ഗോപിവളർന്നു. അവനു് അച്ഛനെകാണണം. മാധവികുഞ്ഞുമായി അന്വേഷണം തുടർന്നു. ഒരുദിവസം യാദൃശ്ചികമായി കൊച്ചുരാമൻമുതലാളി കാറിൽ പോകുന്നതു് മാധവി കണ്ടു. രഹസ്യമായിഅന്വേഷിച്ചുബംഗ്ലാവു മനസ്സിലാക്കി അവളവിടെച്ചെന്നു.

മാധവിയെ അറിയുകയില്ലെന്നു പറഞ്ഞു് ഒഴിയാൻ നോക്കിയെങ്കിലും ചുററുപാടു് മനസ്സിലാക്കി കൊച്ചുരാമൻ അടവുമാററി. മുതലാളി പ്ലാനിൽ കേശവപിള്ളയെ വിളിച്ചു് വിവരം പറഞ്ഞു. മീശപാപ്പു, ദാമോദരൻ എന്നീ റൌഡികളെക്കൊണ്ടു് മാധവിയെ വകവരുത്താൻ ഏർപ്പാടുചെയ്തു പണവുമേല്പിച്ചു. അർദ്ധരാത്രി റൌഡികൾ മാധവിയെ പൊക്കിയെടുത്തുകാറിൽ കയററി.

ഒരു പാലത്തിൽനിന്നും അവളെ താഴെക്കെറിഞ്ഞു. ആ വഴിവന്ന കുഞ്ഞാലി മാധവിയേ രക്ഷിച്ചു. കുഞ്ഞാലിയുടെവീട്ടിൽ മാധവിയും കുഞ്ഞും താമസമാക്കി. ഡോ: സാലിയും ആമിനയും തമ്മിലുള്ള സ്നേഹവൃത്താന്തമറിഞ്ഞ കുഞ്ഞാലി ആമിനയെ താക്കീതുചെയ്തു. പരീതിനെക്കൊണ്ടു് സഹോദരിയെ കല്യാണംകഴിപ്പിക്കുവാൻ കുഞ്ഞാലി ഉറച്ചു.

ആമിന സാലിയെക്കണ്ടു് വിവരങ്ങൾ പറഞ്ഞുകരഞ്ഞു. സാലിയോടു് ആ നാട്ടിൽ നിന്നുംപോകുവാൻ അവൾ കെഞ്ചി. പരീതു ആ വഴിവന്നപ്പോൾ ആമിന കരഞ്ഞുകൊണ്ടോടി. വിളിച്ചിട്ടും അവൾ നിന്നില്ല. പരീതു് വീട്ടിൽവന്നുകരയാനുള്ളകാര്യം ആമിനയോടു് തിരക്കി. ആമിന കണ്ണുനീരിലൂടെ അവളുടെ പ്രേമവൃത്താന്തം പറഞ്ഞു. പരീതു ഞെട്ടിപ്പോയി. പരീതു് സാലിയെക്കണ്ടു. അയാൾ നാട്ടിലേക്കു പോകുവാൻ തയ്യാറാകുകയാണു്.

പരീതു് കുഞ്ഞാലിയെ സമീപിച്ചു് ആമിനയെ ഡോക്ടർ സാലിക്ക കെട്ടിച്ചുകൊടുക്കണമെന്നു് അപേക്ഷിച്ചു. അവൻെറ ത്യാഗസന്നദ്ധതയിൽ കുഞ്ഞാലി അത്ഭുതപ്പെട്ടു.

മാധവി മരിച്ചിട്ടില്ലെന്നു് അറിഞ്ഞപ്പോൾ മുതലാളി ഷെട്ടി. കേശവപിള്ള തന്നെ വിശ്വസിപ്പിച്ചതല്ല ഉണ്ടായതെന്നു ബോദ്ധ്യമായി. സൂപ്രണ്ടിനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. സൂപ്രണ്ടു എതിരായി. അയാൾ നേരെ കുഞ്ഞാലിയെ ചെന്നു കണ്ടു് നടന്ന സംഗതികളെല്ലാം വിശദമായി പറഞ്ഞുകേൾപ്പിച്ചു. കുഞ്ഞാലി വാസ്തവമറിയാൻ മാധവിയോടു കാര്യങ്ങൾ ചോദിച്ചു. അവൾ എല്ലാം സമ്മതിച്ചു എങ്കിലും മുതലാളിയെ യാതൊരു തരത്തിലും താൻമൂലം അപമാനപ്പെടുത്തരുതെന്നു കുഞ്ഞാലിയുടെ കാൽക്കൽ വീണു് അപേക്ഷിച്ചു.

ഈ രംഗം കണ്ടുകൊണ്ടാണ് ഉമ്മ വന്നുകയറിയതു്. നേരത്തെതന്നെ ഉമ്മായ്ക്കു കുഞ്ഞാലിയേയും മാധവിയേയും സംശയമുണ്ടായിരുന്നു. ഈ രംഗം സംശയത്തിനു ചൂടു വർദ്ധിപ്പിച്ചു.

ഉമ്മ അലറി. ആ നിമിഷത്തിൽ മാധവി അവിടം വിടണമെന്നു ഭാവിച്ചു കുഞ്ഞാലി തടഞ്ഞെങ്കിലും ഉമ്മ ഉച്ചത്തിൽ വഴക്കു പറഞ്ഞുകൊണ്ടിരുന്നു. മാധവി പോകാൻ തയ്യാറായപ്പോഴും കുഞ്ഞാലി തടഞ്ഞു.

അന്നുരാത്രി മാധവി ഉറങ്ങിയില്ല. സമീപത്തു് ഉറങ്ങിക്കിടക്കുന്ന കുഞ്ഞിനെ ചുംബിച്ചുകൊണ്ടു അവൾ എഴുന്നേററു. നേരെ കിണററിൻ കരയിലേക്കു നടന്നു. കുഞ്ഞാലി അതു കണ്ടു വിളിച്ചെങ്കിലും അവൾ കിണററിലേക്കു ചാടിക്കഴിഞ്ഞു.

കിണററിൽ നിന്നും കരയ്ക്കു കയററിയ മാധവിയെ ആസ്പത്രിയിലേക്കു കൊണ്ടുപോയി. രക്ഷപ്പെടുത്താൻ ലേഡിഡോക്ടർ ഭാനുമതി തീവ്രശ്രമം ചെയ്തു. വേവലാതിപൂണ്ടുനിന്ന കുഞ്ഞാലിയോടു മാധവിയെപ്പററി കൂടുതൽ വിവരങ്ങൾ തിരക്കിയ ഭാനുമതി മിഴിച്ചുനിന്നു.

ഫോൺബെൽ ശബ്ദിച്ചു. മുതലാളി റിസീവർ കയ്യിലെടുത്തു. ആസ്പത്രിയിലേക്കു വരണമെന്നും ഒരത്യാവശ്യമുണ്ടെന്നും ഭാനുമതി അറിയിച്ചു. മുതലാളി പുറപ്പെട്ടു. ആ യാത്ര അദ്ദേഹത്തെ എവിടെ എത്തിച്ചു എന്നു വെള്ളിത്തിര ഉത്തരം പറയും.

# ഗാനങ്ങൾ

പാടിയതു്:— 1 എഴുതിയതു്:—
എ. പി. കോമള അഭയദേവ്

കട്ടുറുമ്പിൻെറ കാതുകുത്തിനു്
കാട്ടിലെന്തൊരു മേളാങ്കം
കൂട്ടുകാർ വന്നു വീട്ടുകാർ വന്നു
കേട്ടോരൊക്കെ വിരുന്നു വന്നു. [കട്ടുറുമ്പിൻെറ]

അരിയുമായി ചുണ്ടെലിവന്നു
വിറകുമായിട്ടാന വന്നു
വെച്ചുവിളമ്പാനീച്ചവന്നു
വേവുനോക്കാൻ പൂച്ചവന്നു....പൂച്ചവന്നു [കാട്ടുറമ്പി

പരിപ്പുവച്ചു, പായസം വച്ചു,
പച്ചടികിച്ചടി വേറെ വച്ചു,
കാക്കയും പട്ടിയും കാവലു് നിന്നു
കാണാതോരോന്നു കട്ടു തിന്നു. [കട്ടുറുമ്പിൻെറ]

എലിയും പൂച്ചയും കട്ടനുറുമ്പും
ഇലയും വച്ചു വിളമ്പിയുണ്ടു
എല്ലാരുമുണ്ടു എല്ലാരുമുണ്ടു
എനിക്കുമാത്രം കിട്ടീലാ. [കട്ടുറുമ്പിൻെറ]

പാടിയതു്: 2 എഴുതിയതു്:
S. ജാനകി അഭയദേവ്

പാടാം....പാടാം....

തകരും കരളിൻ തന്തികറം മീട്ടി—
പാടാമല്ലോ ഞാൻ

പണ്ടൊരു നാളൊരു മലവേടൻ തൻ
പാട്ടിൽ മയങ്ങി ഞാൻ

മധുരക്കിനാവുകരം കൊണ്ടൊരു മാളിക—
ചട്ടത്തുയർത്തീ ഞാൻ [പാടാം....പാടാം....]

ആനന്ദത്തിൻ പൊന്നുടയാടകരം
അണിഞ്ഞു നിൽക്കുമ്പോഠം
ചീറിയണഞ്ഞൊരു ശരമേററയ്യോ—
തകർന്നു വീണു ഞാൻ. [പാടാം....പാടാം....]

ഗാനത്തിൻ മധുതേടി ചെന്നൊരു
മാൻകിടാവിനെ
കരളുനുറുക്കി തെരുവിലെറിഞ്ഞു്
കടന്നു പോയു് വേടൻ [പാടാം....പാടാം....]

പാടിയതു്: 3 എഴുതിയതു്:
സീറോബാബു ശ്രീമൂലനഗരം വിജയൻ

വണ്ടിക്കാരൻ ബീരാൻകാക്കാ
രണ്ടാംകെട്ടിനു പൂതിവച്ചു്
കൊണ്ടോട്ടീ ചെന്നുകണ്ടു്
തണ്ടുകാരി പാത്തുമ്മാനെ

തക്കാരം കയിഞ്ഞപ്പ പാത്തുമ്മ പറയണു്
ഇക്കാര്യം നടപ്പില്ലെന്നു്—നിസ്സാഹിന്നു്
തൽക്കാലം മനസ്സില്ലെന്നു്. [വണ്ടിക്കാരൻ]

ചെമ്പൻ കണ്ണിൽ കരിമശി തേച്ചു്
കൊമ്പൻ മീശയുമരിഞ്ഞു് വച്ചു്
പട്ടുറുമാലിൽ സെൻറുപുരട്ടി
മൊട്ടത്തലയിൽ കെട്ടും കെട്ടി

തീവണ്ടി കേറിവന്ന കാക്കാടേകൽബിലു്
തീപ്പെട്ടിയുരസ്സണു് പാത്തുമ്മാ.

കടവിലെ കദീശുമ്മ കാര്യംകേട്ടിട്ടൊന്നു ചിരിച്ചു്
ബയനാടൻ മഞ്ഞളരച്ചു് ബീരാൻകാക്കാനാട്ടപിടിച്ചു്
അയലത്ത മൊല്ലാക്കാസ്സു് കൈനീട്ടം കൊടുത്തപ്പ—
അയിക്കല്ലൊന്നോതികെട്ടീ കയ്യുമ്മ....മൊല്ലാ
മൈസ്സുണ്ണിയാളുടെ കൽബു് മാററുവാൻ.

എല്ലപ്പസ്സും കെട്ടിവരീണ്ടും നാമ്മൂസ്സ കാരിയോട്ട്
കാനേത്തു കാര്യമോതാൻ തീവണ്ടി കേറി പള്ളൂ-
എല്ലത്തോട്ടത്തിലുള്ളോരാലികുട്ടീയുമൊത്തു്
ആയിടെ നാടുവിട്ടു പാത്തുമ്മാ

[വണ്ടിക്കാരൻ ബീരാൻ കാക്കാ....]

പാടിയതു്: **4** എഴുതിയതു്:

പി. ലീല അഭയദേവ്

ജന്നത്തു് താമര പൂത്തല്ലോ-ഒരു
പൊന്നിതളു നുള്ളിയെടുത്തോട്ടെ
പൂതിപെരുത്തുണ്ടു് പൊന്നേ ഞമ്മളാ
പൂവൊന്നെടുത്തു് മണത്തോട്ടെ. [ജന്നത്തു

കാറില്ലാതൊരു മാനത്തു്—അതു്
കാണാനെന്തൊരു സീനത്തു്
പാലൊത്തുള്ള നിലാവിൽ പൂമണം
പാറിനടക്കണ കാലത്തു്. [ജന്നത്തു്]

പുത്തൻ വീട്ടിൽ വിരുന്നിനുവന്ന
പൂങ്കുയിലെന്താ പാടാത്തെ?
കൽക്കണ്ടത്തരി വാരിയെറിഞ്ഞിട്ടും
കൽബിനെയെന്താ മൂടാത്തെ? [ജന്നത്തു്]

ഉള്ളിലൊരായിരം 'ഹാജത്തു്'—അതു്
വല്ലോരും കണ്ടാലാപത്തു്
കാതിൽ പറയാം ആരും കേൾക്കാതെ—
കയ്യിൽ കിട്ടണ കാലത്തു്. [ജന്നത്തു

പാടിയതു്: **5** എഴുതിയതു്:

പി. ലീല &
P. B. ശ്രീനിവാസ് അഭയദേവ്

ഓടിപ്പോകും കാറേ
ഒരു നിമിഷം നില്ലാമോ?

കൽബിന്നുള്ളിലൊളിഞ്ഞിരിക്കും—
കഥയൊന്നു കേൾക്കാമോ? [ഓടിപ്പോകും]

കരിവള കിലുങ്ങണ കയ്യാൽ—
നീയൊന്നു തലോടാതേ.
വിരിയുകയില്ലെന്നാത്മാവിൻ
മലരുകളെന്നറിയാമോ? [ഓടിപ്പോകും]

കണ്ണുകൾ ചിമ്മാനാകാതെ—
കരളു ചുടുന്നൊരു നേരത്ത്
കുളിരും കൊണ്ടൊരു നാളെൻെറ—
കിളി വാതിലിൽ നീ വരുമോ? [ഓടിപ്പോകും]

പാടിയത്: 6 എഴുതിയത്:
P. B. ശ്രീനിവാസ് അഭയദേവ്

പൂവണിയുകില്ലിനിയും
പൂവണിയുകില്ല
കരളിൻ വളർന്നൊരെൻ—
കിനാവിൻെറ ഉള്ളമല്ല. [പൂവണിയുകില്ലിനിയും..]

പാതിരാപ്പൂവിരിയും
മഞ്ഞണിഞ്ഞ വേളകളിൽ.
പാടുന്ന രാക്കുയിലിൻ—
ഗാനമിനി കേൾക്കുകില്ല.

പൂവണിയുകില്ലിനിയും]

ഏകാന്ത മൂകതയെ—
നാദരമ്യമാക്കിടുവാൻ;
ഇനിയൊരു കാലവുമാ—
കിളി വാതിൽ തുറക്കുകില്ലാ.

[പൂവണിയുകില്ലിനിയും]

| | |
|---|---|
| കഥ. സംഭാഷണം— | N. N. പിള്ള |
| ഗാനങ്ങൾ— | അഭയദേവ് & ശ്രീമൂലനഗരം വിജയൻ |
| സംഗീതം— | ബാബുരാജ് |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്— | A. പഞ്ചാബി |
| കലാസംവിധാനം— | കെ. ബാലൻ |
| ഛായാഗ്രഹണം— | P. B. മണി |
| എഡിററിംഗ്— | K. D. ജോർജ്ജ് |
| വസ്ത്രാലങ്കാരം— | മുത്തു & കാസീം |
| മേക്കപ്പ്— | ശങ്കർ |
| സ്ററുഡിയോ— | ഫിലിം സെൻറർ-മദ്രാസ് |
| നിർമ്മാണം— | മൈത്രി പിക്ച്ചേഴ്സ് |
| അവതരണം— | തോമസ് പിക്ച്ചേഴ്സ് |
| സംവിധാനം— | പി. എ. തോമസ് & ശശികുമാർ B. A. |

— വിതരണം —

# Geo Pictures P. Ltd,

**Kottayam.**

വരുന്നു!

സെപ്റ്റംബറിൽ

തോമസ് പിക്ച്ചേഴ്സിന്റെ

# ഭൂമിയിലെ മാലാഖ

(മലയാളം)

കഥ: സി. എൽ. ജോസ്

---

ഇപ്പോൾ വിജയകരമായി

പ്രദർശനം നടക്കുന്നു.

I. തോമസ് പിക്ച്ചേഴ്സിന്റെ

## കുടുംബിനി

(മലയാളം)

II. ശരവണഭവയുടെ

## കടത്തുകാരൻ

(മലയാളം)

പി. സി. പ്രസ്സ്, കോട്ടയം.